**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4152** — **17-03-2025 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്ക് നിരാക്ഷേപ പത്രം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23ലെ ബജറ്റിൽ പദ്ധതിയുടെ 20% തുക അനുവദിച്ച മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ പരിഗണനയിലുള്ള ആർ.ഇ2/380/2023/ത.സ്വ.ഭ.വ നമ്പർ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | ഭൂമിയുടെ **ഉടമസ്ഥാവകാശം പഞ്ചായത്തിൽത്തന്നെ നിലനിർത്തിക്കൊണ്ട്, ബീച്ച് ടൂറിസം പദ്ധതിക്കായി വിട്ട് നൽകുന്നത്** സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ആർ.ഇ2/380/2023/ത.സ്വ.ഭ.വ നമ്പർ ഫയൽ ടി വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളതാണ്. |
| (ഡി) | പദ്ധതിക്കു വേണ്ട നിരാക്ഷേപ പത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്കു വേണ്ട നിരാക്ഷേപ പത്രം ലഭ്യമാക്കുന്ന കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ